ഓഡിറ്റർ കണക്ക് കൃത്രിമമായി സൃഷ്ടിച്ചുവെന്ന ഒരു ആരോപണം ലഭിച്ചിട്ടില്ല. കഴിഞ്ഞ രണ്ടു വർഷത്തെ സ്റ്റോക്ക് വീതത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

1996-97 = 9155420 രൂപ

1997-98 = 25246488 രൂപ

(ഐ) ഇങ്ങനെ ഒരു ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാരാശുപത്രികളിൽ പേയിംഗ് കൗണ്ടറുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

176 (1780) റീഇംപേഴ്സ്മെന്റ് പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ എ.കെ.ജി സഹകരണ ആശുപത്രിയെ മെഡിക്കൽ റീഇംപേഴ്സ്മെന്റിന് അനുവദിക്കുന്ന ആശുപത്രികളുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ആശുപത്രിയിലെ ചികിത്സാസൗകര്യങ്ങളും അവയുടെ ചാർജ്ജും ആശുപത്രി അധികൃതർ, ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടർ ഇത് പരിശോധിച്ചുവരുന്നു. ഡയറക്ടറുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് മേൽനടപടി സ്വീകരിക്കുന്നതാണ്.

177 (1781) "അധിക സ്റ്റാഫിനെ നിയമിക്കാൻ നടപടി"

ശ്രീ. എം. വി. ജയരാജൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് അധിക സ്റ്റാഫിനെ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പുതിയ ആശുപത്രി ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ടോ;

(ഡി) എങ്കിൽ അധിക സ്റ്റാഫിനെ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ബി) ഉണ്ട്. ഇത് സംബന്ധിച്ച് ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പു ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly